# അറിയിപ്പ്

## പ്രധാനാദ്ധ്യാപകരുടെ ശ്രദ്ധക്ക്

ദേശീയ വിരമുക്ത ദിനത്തോടനുബന്ധിച്ച് ഫെബ്രുവരി 8 ന് എറണാകുളം ജില്ലാ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ജില്ലാതല ഓഫീസർമാർക്ക് നടത്തിയ പരിശീലന ക്ലാസ്സിന്റെ അടിസ്ഥാനത്തിൽ ഫെബ്രുവരി 10-ാം തീയതി ജില്ലയിലെ പ്രീപ്രൈമറി തലം മുതൽ എച്ച്.എസ്.എസ്. തലം വരെ (1 വയസ്സ് മുതൽ 19 വയസ്സ് വരെ) പ്രായമുള്ള എല്ലാ വിദ്യാർത്ഥികൾക്കും വിരമുക്ത ഗുളിക (Albantazol) വിതരണം ചെയ്യേണ്ടതാണ്. ഇതിൽ പ്രധാനാദ്ധ്യാപകരുടെ നിർദ്ദേശാനുസരണം ക്ലാസ്സ് അദ്ധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണ്. ഒരു കുട്ടിക്ക് ഉച്ചഭക്ഷണത്തിന് ശേഷം ഒരു ഗുളിക വീതം ചവച്ച് കഴിക്കേണ്ടതാണ്. 10 -ാം തീയതിക്ക് നൽകാൻ കഴിയാത്തവർക്ക് ഫെബ്രുവരി 15 ന് നൽകേണ്ടതാണ്. രക്ഷിതാക്കളുടെ സമ്മതപ്രകാരമായിരിക്കണം ഗുളിക നൽകേണ്ടത്.

ആലുവ
09.02.2017

ഒപ്പ്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ
ആലുവ